I/66550/2022

**സംയോജിത ശിശു സംരക്ഷണ പദ്ധതി കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക.ജി . IAS. , ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

ഉത്തരവ് നം. DWCD/4036/2022 - ICPS 4

തിരുവനന്തപുരം,
തീയതി. 12-11-2022

---

വിഷയം: വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - വയനാട് സ്വദേശി റിഷിക എം.വി -ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : വയനാട് DCPO യുടെ 11/08/2022 ലെ നം.DCPO/W/H/2110/2021 നമ്പർ കത്ത് .

വയനാട് ജില്ലയിൽ കോട്ടതറ വേന്നിയോട് വലിയകുന്നു വീട്ടിൽ ശ്രീ.മോഹൻ ദാസ്, ശ്രീമതി. ദിവ്യ ദമ്പതികളുടെ മകളായ റിഷിക എം.വി (2 വയസ്സ്) എന്ന കുട്ടി, Bilateral CTEV With Residual Equines Deformity എന്ന രോഗത്തെ തുടർന്ന് ചികിത്സയിൽ ആണ് . നിലവിൽ WIMS മെഡിക്കൽ കോളേജിൽ സർജറി നടത്തുകയും കാലിൽ ഡോക്ടർ നിർദേശിച്ചത് അനുസരിച്ച് ഷൂ ഇടുകയും ചെയ്തു വരുന്നു.കാല്പാദം വളരുന്നത് അനുസരിച്ച് ഷൂ മാറ്റേണ്ട സാഹചര്യമാണ് ഉള്ളത്. നിലവിൽ കുടുംബത്തിന് മറ്റ് കാര്യമായ വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ല എന്നും ആയതിനാൽ കുട്ടിയുടെ ചികിത്സാ ഇനത്തിൽ ചിലവായ 3 ലക്ഷം രൂപയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കുട്ടിക്ക് 30,000/-രൂപ ലഭിച്ചത് കുറച്ചു ബാക്കി 2,70,000/-രൂപ അനുവദിക്കണമെന്ന് വയനാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ മേൽ പരാമർശം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള വയനാട് ജില്ലയിൽ കോട്ടതറ വേന്നിയോട് വലിയകുന്നു വീട്ടിൽ ശ്രീ.മോഹൻ ദാസ്, ശ്രീമതി. ദിവ്യ ദമ്പതികളുടെ മകളായ റിഷിക എം.വി-യുടെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്റ്റിൻ്റേയും റൂളിൻ്റേയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്) നിന്നും നിലവിൽ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ അനുവദനീയമായ തുകയായ 11,215/-രൂപ (പതിനൊന്നായിരത്തി ഇരുന്നൂറ്റി പതിനഞ്ച് രൂപ മാത്രം ) അനുവദിച്ച് ഉത്തരവാകുന്നു.

/66550/2022

11,215/-രൂപ (പതിനൊന്നായിരത്തി ഇരുന്നൂറ്റി പതിനഞ്ച് രൂപ മാത്രം ) 2235-02-106-91 (P) ശീർഷകത്തിൽ നിന്നും വയനാട് വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റായി നൽകേണ്ടതും. വനിത ശിശു വികസന ഓഫീസർ തുക അലോട്ടുമെന്റായി വയനാട് ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, വയനാട്

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ (അല്ലോട്മെന്റ് നൽകുന്നതിന്)
2. ജില്ലാ വനിതാ ശിശു വികസന ഓഫീസർ, വയനാട്
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 12-11-2022 13:59:40